# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3360** 11.05.2017 - ൽ മറുപടിയ്ക്ക്

## ഹോസ്ദുർഗ്ഗ് സർവ്വീസ് സഹകരണ ബാങ്ക് അധികൃതർ സ്വീകരിച്ച കടുത്ത നടപടി

**ചോദ്യം**

**ശ്രീ.എം. രാജഗോപാലൻ**

(എ) കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിച്ചിട്ടും ഹോസ്ദുർഗ്ഗ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത കരുണാകരൻ, കനകദാസ്, അമൃതരാജ് എന്നിവരുടെ ഭൂമി വിട്ട് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ഹോസ്ദുർഗ്ഗ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും കരുണാകരൻ, അമൃതരാജ് എന്നിവർ എടുത്തിരുന്ന വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് കാർഷിക കടാശ്വാസ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകളിൽ അമൃതരാജ് എടുത്തിരുന്ന വായ്പയുടെ അവാർഡ് മാത്രമേ പരിശോധനയ്ക്ക് സഹകരണ വകുപ്പിന് ലഭിച്ചിട്ടുള്ളൂ. ടി അവാർഡ് പ്രകാരമുള്ള 37,500/- രൂപ സർക്കാർ വിഹിതം ബാങ്കിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അമൃതരാജിന് കടാശ്വാസത്തിന് അർഹതയില്ലായെന്ന് കാണിച്ച് ബാങ്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കടാശ്വാസ കമ്മീഷന്റെ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി 15.02.2016 ന് സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി സ്റ്റേ ഇപ്പോഴും നിലനിൽക്കുകയാണ്. ഇക്കാരണത്താൽ ടിയാന്റെ വായ്പാ കണക്ക് അവസാനിപ്പിച്ചിട്ടില്ലാത്തതിനാൽ ഈട് വസ്തു തിരികെ നൽകിയിട്ടില്ല.

കരുണാകരൻ, കനകദാസ് എന്നിവർ എടുത്തിട്ടുള്ള വായ്പയ്ക്ക് കടാശ്വാസം അനുവദിച്ച ഉത്തരവ് പരിശോധനയ്ക്ക്

| | | | |
|---|---|---|---|
| | | | സഹകരണ വകുപ്പിന് ലഭിച്ചിട്ടില്ല. ആയതിനാൽ അവാർഡ് പ്രകാരമുള്ള തുക ബാങ്കിന് ലഭിച്ചിട്ടില്ല. ടിയാൻ വീണ്ടും കടാശ്വാസ കമ്മീഷനെ സമീപിച്ചപ്പോൾ ടിയാന് കടാശ്വാസത്തിന് അർഹതയില്ല എന്ന് 05.01.2017 ൽ കടാശ്വാസ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ഇക്കാരണത്താൽ ടിയാന്റെ വായ്പാ കണക്ക് അവസാനിപ്പിച്ചിട്ടില്ലാത്തതിനാൽ ഈട് വസ്തു ബാങ്ക് തിരികെ നൽകിയിട്ടില്ല. |
| (ബി) | ബാങ്ക് അധികൃതർ ഇവർക്കെതിരെ കടുത്ത നടപടികൾ സ്വീകരിക്കാൻ കാരണമെന്ത്; വ്യക്തമാക്കുമോ? | (ബി) | മേൽപടിയാളുകൾ ബാങ്കിൽ നിന്നും വായ്പ എടുത്തത് 2004 ലാണ്. കാലപ്പഴക്കം ചെന്ന വായ്പയായതിനാൽ ടി തുക പിരിച്ചെടുക്കുന്നതിനായി സ്വീകരിക്കുന്ന സ്വാഭാവിക നടപടികളാണ് ബാങ്ക് സ്വീകരിച്ചിട്ടുള്ളത്. വായ്പ തിരിച്ചടയ്ക്കാൻ പരാതിക്കാർ തയ്യാറാകുകയാണെങ്കിൽ നിയമാനുസൃതമായ ഇളവുകൾ അനുവദിക്കുന്നതിനും ബാങ്കിന്റെ പേരിലായിട്ടുള്ള വസ്തു നിയമാനുസൃതം തിരികെ നൽകുന്നതിനും ബാങ്ക് അധികൃതർ സമ്മതിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**